LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ഹയർ സെക്കണ്ടറി പ്രവേശനത്തിന് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കാവുന്ന തുക അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇതിനുപുറമെ പരമാവധി 500 രൂപ (അഞ്ഞൂറ്) പി.ടി.എ. ഫണ്ടും (നിർബന്ധമല്ല) ഈടാക്കാവുന്നതാണ്.

(സി) പ്ലസ് വൺ പ്രവേശനത്തിനായുള്ള ഏകജാലക സംവിധാനത്തിന്റെ മുഖ്യ ഘട്ടത്തിലെ അവസാന അലോട്ട്മെന്റ് പ്രസിദ്ധീകരിച്ച ശേഷം മാത്രമേ മാനേജ്മെന്റ്/കമ്മ്യൂണിറ്റി/അൺ - എയ്ഡഡ് ക്വാട്ടയിലുള്ള പ്രവേശന നടപടികൾ ആരംഭിക്കുവാൻ പാടുള്ളൂ എന്ന നിർദ്ദേശം നൽകാറുണ്ട്.

എയ്ഡഡ് കോഴ്സുകളിലെ സ്റ്റാഫ് പാറ്റേൺ

44(2618) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 17-9-2014-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എയ്ഡഡ് കോളേജുകളിൽ 1987-നുശേഷം അനുവദിച്ച എയ്ഡഡ് കോഴ്സുകൾ അംഗീകരിച്ച് സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചിട്ടുണ്ടോ; അദ്ധ്യാപക തസ്തികയ്ക്ക് ആനുപാതികമായി അനദ്ധ്യാപക തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ച് ഉത്തരവാകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ജീവനക്കാരുടെ കുറവുമൂലം എയ്ഡഡ് കോളേജുകളിലെ പരീക്ഷാ ജോലികൾക്കും ശുചീകരണ പ്രവർത്തനമടക്കമുള്ളവയ്ക്കും പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എയ്ഡഡ് കോളേജ് ജീവനക്കാർക്ക് പി.എഫ്. ലോൺ അനുവദിക്കുന്നതിന് നിരോധനമുണ്ടോ;

(ഇ) എങ്കിൽ ആയത് പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ അനദ്ധ്യാപകർക്ക് 17-9-2004-ലെ സ.ഉ. (കൈ) നമ്പർ 119/04/ഉ.വി.വ. പ്രകാരമുള്ള സ്റ്റാഫ് പാറ്റേണാണ് നിലവിലുള്ളത്. സ്വകാര്യ എയ്ഡഡ് കോളേജുകളിൽ നിലവിലുള്ള എയ്ഡഡ് കോഴ്സുകളുടെ എണ്ണം പരിഗണിച്ചും നിലവിലെ ജോലിഭാരം കണക്കിലെടുത്തും അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) എയ്ഡഡ് കോളേജ് ജീവനക്കാരുടെ പി.എഫ്. ലോണിന് യാതൊരു നിരോധനവും ഏർപ്പെടുത്തിയിട്ടില്ല.

(ഇ) ബാധകമല്ല.

സംസ്ഥാന ലൈബ്രറി കൗൺസിൽ

45(2625) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലൈബ്രറി കൗൺസിലിന് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി തലസ്ഥാനത്ത് സ്ഥലം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമി തിരിച്ചെടുക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഭൂമി തിരിച്ചെടുക്കാനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 18-8-2000-ലെ സ. ഉ. (കൈ) 250/2000/റവന്യൂ പ്രകാരം കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് സർക്കാർ വക പുറമ്പോക്ക് സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് മാത്രമുള്ള അനുമതി നൽകിയിരുന്നു. റവന്യൂ രേഖകൾ പ്രകാരം ടി പുറമ്പോക്ക് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഇപ്പോഴും സർക്കാരിൽ നിക്ഷിപ്തമാണ്. എന്നാൽ 14-3-2002-ലെ സ. ഉ. (കൈ) നമ്പർ 40/2002/റവന്യൂ ഉത്തരവ് പ്രകാരം കെട്ടിടം നിർമ്മിക്കുവാൻ അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് [18-8-2000-ലെ സ. ഉ. (കൈ) നമ്പർ 250/2000/റവന്യൂ] സർക്കാർ തന്നെ റദ്ദുചെയ്തിരുന്നു. കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി റദ്ദുചെയ്ത സർക്കാർ ഉത്തരവിനെതിരെ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ബഹു. കേരള ഹൈക്കോടതി മുമ്പാകെ O.P. No. 8787/2002 നമ്പരായി ഹർജി ഫയൽ ചെയ്തു. 28-5-2009-ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സിംഗിൾ ബഞ്ച് 14-3-2002-ലെ സ. ഉ. (കൈ) നമ്പർ 40/2002/റവന്യൂ എന്ന സർക്കാർ ഉത്തരവ് റദ്ദുചെയ്ത് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുവാദം നൽകി. പ്രസ്തുത വിധിക്കെതിരെ പബ്ലിക് ലൈബ്രറി പ്രൊട്ടക്ഷൻ കൗൺസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് മുമ്പാകെ WP(C) No. 37574/2009 ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട കോടതി 18-11-2015-ൽ താഴെപ്പറയുന്ന പ്രകാരം വിധിന്യായം പുറപ്പെടുവിക്കുകയും ചെയ്തു:

LIBRARY ARCHIVES Kerala Legislative Assembly